LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ

25(29) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ (ആശുപത്രികൾ, സ്കൂളുകൾ, ആർ.ഒ.ബി. എന്നിവ ഉൾപ്പെടെ) വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകയും നിർവ്വഹണ ഏജൻസികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളുടെ തുകയും നിർവ്വഹണ ഏജൻസി സംബന്ധിച്ച വിവരങ്ങളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

കിഫ്ബിയിലെ ജീവനക്കാർക്ക് അലവൻസ്

26(30) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിലെ ജീവനക്കാർക്ക് അലവൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നിലവിലെ അലവൻസ് എന്ന് വ്യക്തമാക്കാമോ?

നിലവിൽ കിഫ്ബിയിൽ സർക്കാർ ജീവനക്കാർക്ക് തസ്തിക അനുസരിച്ച് 3,000 രൂപ മുതൽ 10,000 രൂപ വരെ അലവൻസ് അനുവദിക്കുന്നുണ്ട്.

(ബി) അഞ്ചുവർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനം നടപ്പിലാക്കും എന്ന് വാഗ്ദാനം നൽകി രൂപീകരിച്ച കിഫ്ബിക്ക് അതിന്റെ പത്തുശതമാനം പോലും നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ അലവൻസ് നൽകുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ അടിസ്ഥാനസൗകര്യ മേഖല വർഷങ്ങളായി അഭിമുഖീകരിച്ചുകൊണ്ടിരുന്ന അടിസ്ഥാന സൗകര്യ വിടവ് നികത്തുന്നതിനും പത്തോ ഇരുപതോ വർഷങ്ങൾക്കുശേഷം സംഭവിക്കുമായിരുന്ന പശ്ചാത്തല സൗകര്യ പദ്ധതികൾ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾത്തന്നെ നടപ്പിലാക്കി തലമുറ ഭേദമില്ലാതെ സമത്വം ഉറപ്പുവരുത്തുന്നതിനും കിഫ്ബി ചാലകശക്തിയായി പ്രവർത്തിക്കുന്നു എന്നുള്ളത് ഇതിനകം തെളിയിക്കപ്പെട്ട വസ്തുതയാണ്. സാമ്പത്തികരംഗത്ത് നിലനിന്നിരുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും 2016-ൽ എകദേശം 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കണം എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പുന:സംഘടിപ്പിക്കപ്പെട്ട് പ്രാരംഭമായി പ്രവർത്തനം ആരംഭിക്കുന്നത്. എന്നാൽ കിഫ്ബി വിഭാവനം ചെയ്യുന്ന സാമ്പത്തിക മാതൃക പരക്കെ അംഗീകരിക്കപ്പെട്ടതിന്റെയും വിപണി വിശ്വാസമാർജ്ജിച്ചതിന്റെയും ഫലമായി ഇന്ന് കിഫ്ബി 63257.74 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 23197.9 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടറിംഗ് പൂർത്തീകരിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം ഭരണ വകുപ്പുകൾക്കും അവർ നിയമിക്കുന്ന എസ്.പി.വി-കൾക്കുമാണെങ്കിലും മറ്റ് പദ്ധതി നിർവ്വഹണങ്ങളിൽനിന്നും വ്യത്യസ്തമായി, കിഫ്ബി അനുശാസിക്കുന്ന ഗുണ നിലവാരവും സമയക്രമവും കൃത്യമായി ഉറപ്പുവരുത്തുന്നതിനായി എസ്.പി.വി-കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, ട്രെയിനിംഗ് എന്നിവ കിഫ്ബി നൽകിവരുന്നു. നാളിതുവരെ 12,832 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ-കുടുംബക്ഷേമം, പൊതുമരാമത്ത്, പൊതു വിദ്യാഭ്യാസം, ജലവിഭവം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, രജിസ്ട്രേഷൻ, കായികം തുടങ്ങി വിവിധ വകുപ്പുകളിലായി 2956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ദ്രുതഗതിയിലുള്ള ഈ വളർച്ചയ്ക്ക് പിന്നിലുള്ള ജീവനക്കാരുടെ ആത്മാർത്ഥതയും കഠിനാദ്ധ്വാനവും വലുതാണ്. കിഫ്ബിവഴി വിഭാവനം ചെയ്തിട്ടുള്ള വലിയ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ജീവനക്കാർ അവരിലർപ്പിതമാക്കപ്പെട്ട കർത്തവ്യം അധികസമയവും, അവധി ദിവസങ്ങളിലും വരെ ജോലി ചെയ്താണ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ജോലിയുടെ സ്വഭാവവും ഭാരവും അധിക സമയവും കണക്കിലെടുത്തും, സമാന തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവുമായുള്ള അന്തരം കുറയ്ക്കുന്നതിനുമാണ് അലവൻസ് അനുവദിച്ചുനൽകുന്നത്. ഇത്തരത്തിൽ കിഫ്ബിയെ വളർത്തിയെടുക്കുന്നതിനും അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ സമബന്ധിതമായി നടപ്പിലാക്കുന്നതിനും ആത്മാർത്ഥമായും സമയക്ലിപ്തത മാറ്റിവച്ചും പ്രവർത്തിക്കുന്ന ജീവനക്കാരുടെ സേവനത്തെ അംഗീകരിക്കുകയാണ് സർക്കാർ അലവൻസ് അനുവദിച്ചതിലൂടെ ചെയ്തിരിക്കുന്നത്.